ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.04.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന കേരളം, പുതുച്ചേരി, അസം എന്നിവിടങ്ങളിൽ പരസ്യപ്രചാരണത്തിന് സമാപനം. ഇനി വോട്ടെടുപ്പ് ദിനമായ വ്യാഴാഴ്ച വരെ നിശബ്ദ പ്രചാരണം.

   **Public Campaigning for the Assembly elections in Keralam culminated this evening. Silent campaigning to continue till the poll day**

2. കേരളത്തിൽ വോട്ടെടുപ്പിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ. സംസ്ഥാനത്ത് സുരക്ഷ ശക്തം.

   **Chief Electoral Officer Ratan U. Kelkar said that arrangements for voting in Kerala have been completed. Security tightened in the state.**

3. നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന തമിഴ്നാട്ടിലും ആദ്യഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചിമ ബംഗാളിലും നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന അവസാനിച്ചു.

   **Scrutiny of nominations filed has been completed in Tamil Nadu, where assembly elections are being held, and in West Bengal, where the first phase of elections are being held.**

4. രാജ്യത്തുടനീളം പെട്രോൾ, ഡീസൽ, എൽപിജി, പിഎൻജി വിതരണം സാധാരണ നിലയിലെന്ന് കേന്ദ്ര സർക്കാർ. പശ്ചിമേഷ്യൻ മേഖലയിലെ എല്ലാ ഇന്ത്യൻ നാവികരും സുരക്ഷിതരെന്നും കേന്ദ്രം.

   **Government has said that the supply of petrol, diesel, LPG and PNG remains normal across the country. The government also assured that all Indian seafarers in the West Asia region are safe**

5. ശബരിമല യുവതി പ്രവേശനം സംബന്ധിച്ച ഹർജികളിൽ സുപ്രീം കോടതിയിൽ ഇന്ന് വാദം ആരംഭിച്ചു.

   **The Supreme Court today commenced hearing petitions on entry of women in Sabarimala temple.**

6. ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ FC, ഇന്റർ കാശി പോരാട്ടം.

   **In ISL football, Chennaiyin FC and Inter Kashi faces each other today.**

## ELECTION–KERALAM

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പരസ്യപ്രചാരണം സംസ്ഥാനത്ത് പൂർത്തിയായി. വാദ്യമേളങ്ങളുടെ അകമ്പടിയോടെയുള്ള ആവേശകരമായ കൊട്ടിക്കലാശത്തിനാണ് കേരളം ഇന്ന് സാക്ഷ്യം വഹിച്ചത്. മണ്ഡലങ്ങളെ ഇളക്കിമറിച്ചുകൊണ്ടുള്ള റോഡ് ഷോയിലും ബൈക്ക് റാലിയിലും നൂറ് കണക്കിന് പ്രവർത്തകർ അണിനിരന്നു. കൊടിതോരണങ്ങളുടെ

വർണക്കാഴ്ചകളും ജനസമുദ്രവും ഉത്സവ പ്രതീതിയാണ് സൃഷ്ടിച്ചത്. മൂന്ന് മുന്നണികളുടെയും

സ്ഥാനാർത്ഥികൾക്കൊപ്പം പ്രമുഖ നേതാക്കളും പ്രവർത്തകരും ചേർന്നതോടെ കൊട്ടിക്കലാശത്തിലുടനീളം തിരഞ്ഞെടുപ്പിൻറെ പോരാട്ട വീര്യം ദൃശ്യമായി. ഇനിയുള്ള 48 മണിക്കൂർ നിശബ്ദ പ്രചാരണമാണ്. 140 നിയമസഭ മണ്ഡലങ്ങളിലായി 883 സ്ഥാനാർത്ഥികളാണ് ഇക്കുറി ജനവിധി തേടുന്നത്. 2.71 കോടി വോട്ടർമാർ സംസ്ഥാനത്ത് സമ്മതിദാനാവകാശം വിനിയോഗിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**ELECTION–ERNAKULAM(INTRO)**

എറണാകുളം ജില്ലയിലെങ്ങും കൊട്ടിക്കലാശത്തിൽ ആവേശം വാനോളമുയർന്നു. 14 നിയമസഭ മണ്ഡലങ്ങളിലും എൽ.ഡി.എഫ്, യു.ഡി.എഫ്, എൻ.ഡി.എ മുന്നണികൾ തെരഞ്ഞെടുപ്പ് പ്രചരണത്തിൻറെ അന്തിമ നിമിഷങ്ങളിൽ ആഹ്ളാദാരവത്തിലായിരുന്നു..

***ഒരു റിപ്പോർട്ട്........***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ELECTION–ERNAKULAM(VOICE)**

വിവിധയിടങ്ങളിൽ മുന്നണികൾ ഒരേയിടത്ത് കൊട്ടിക്കലാശം സംഘടിപ്പിച്ചെങ്കിലും എല്ലായിടത്തും സമാധാനപരമായിട്ടാണ് ആഘോഷപരിപാടികൾ നടന്നത്. ഉച്ച മുതൽ നാടും നഗരവും ഇളക്കിമറിച്ചുകൊണ്ട് റോഡ് ഷോ നടത്തിയിരുന്നു. തുടർന്ന് നാലുമണിയോടെ അതാത് കേന്ദ്രങ്ങളിലേക്കെത്തിയപ്പോഴേക്ക് ആവേശം അലകടലായി. നൂറുകണക്കിന് പ്രവർത്തകരാണ് ഓരോയിടത്തും അണിനിരന്നത്. തൃപ്പൂണിത്തുറ, കളമശ്ശേരി, പറവൂർ തുടങ്ങിയ മണ്ഡലങ്ങളിൽ എൽ.ഡി.എഫ്, യു.ഡി.എഫ്, എൻ.ഡി.എ മുന്നണികളുടെ കൊട്ടിക്കലാശം ഒരേ കേന്ദ്രത്തിലാണ് നടത്തിയത്. പറവൂരിലെ പ്രശസ്തമായ നമ്പൂരിച്ചൻ ആൽ കേന്ദ്രീകരിച്ചായിരുന്നു പ്രതിപക്ഷ നേതാവും യു.ഡി.എഫ് സ്ഥാനാർഥിയുമായ വി.ഡി.സതീശൻ, എൽ.ഡി.എഫ് സ്ഥാനാർഥി ഇടി ടൈസൺ, എൻ.ഡി.എ സ്ഥാനാർഥി വത്സല പ്രസന്നകുമാർ എന്നിവരുടെ കൊട്ടിക്കലാശം നടന്നത്. തൃപ്പൂണിത്തുറയിൽ സ്റ്റാച്യൂ കേന്ദ്രീകരിച്ചായിരുന്നു കൊട്ടിക്കലാശം.
*ന്യൂസ് ഡസ്ക് ആകാശവാണി......*

## ELECTION–OTHER STATE

കേരളത്തിന് പുറമേ, വ്യാഴാഴ്ച വോട്ടെടുപ്പ് നടക്കുന്ന പുതുച്ചേരിയിലും, അസമിലും പരസ്യപ്രചാരണം അവസാനിച്ചു. അസമിലെ 126 മണ്ഡലങ്ങളിലേക്കും, പുതുച്ചേരിയിലെ 30

മണ്ഡലങ്ങളിലേക്കുമാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. ഈ മാസം 23 ന് വോട്ടെടുപ്പ് നടക്കുന്ന തമിഴ്നാട്ടിൽ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടന്നു. പശ്ചിമ ബംഗാൾ ആദ്യഘട്ട തിരഞ്ഞെടുപ്പിലെ പത്രികകളുടെ സൂക്ഷ്മ പരിശോധനയും ഇന്നായിരുന്നു. ഈ മാസം 23 നും, 29 നും രണ്ട് ഘട്ടങ്ങളായാണ് പശ്ചിമ ബംഗാളിൽ വോട്ടെടുപ്പ്. കേരളമടക്കം തിരഞ്ഞെടുപ്പ് നടക്കുന്ന നാല് സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും വോട്ടെണ്ണൽ മെയ് നാലിനാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**RATHAN U KHELKAR**

സംസ്ഥാനത്ത് വോട്ടെടുപ്പിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ പറഞ്ഞു. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി 160 സംഘം കേന്ദ്ര സേനയെ സംസ്ഥാനത്ത് വിന്യസിച്ചതായും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. സംസ്ഥാനത്ത് വൈകുന്നേരം മുതൽ 48 മണിക്കൂർ മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എക്സിറ്റ് പോളുകൾക്ക് ഈ മാസം 29-ാം തീയതി വൈകുന്നേരം 6 മണിവരെ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## SILENT CAMPAIGN

പരസ്യപ്രചാരണം അവസാനിച്ചതോടെ ഇനിയുള്ള 48 മണിക്കൂർ സംസ്ഥാനത്ത് നിശബ്ദ പ്രചാരണമാണ്. ഈ സമയത്ത് പ്രകടനങ്ങളോ, പൊതുയോഗങ്ങളോ മൈക്ക് കെട്ടിയുള്ള പ്രചാരണമോ പാടില്ല. ജാഥകൾ, ഘോഷയാത്രകൾ, സംഗീത പരിപാടികൾ, നാടകങ്ങൾ തുടങ്ങി വോട്ടർമാരെ ആകർഷിക്കുന്ന തരത്തിലുള്ള മറ്റ് വിനോദ പരിപാടികൾക്കും നിരോധനമുണ്ട്. ടെലിവിഷൻ, സിനിമ തുടങ്ങിയവ വഴിയും റേഡിയോയിലൂടെയുമുള്ള പ്രചാരണങ്ങൾക്കും നിരോധനം ബാധകമാണ്.

## ELECTION–STATE POLICE

നിയമസഭാ തിരഞ്ഞെടുപ്പ് സുഗമവും സുതാര്യവുമായി നടത്തുന്നതിനുള്ള എല്ലാ സുരക്ഷാക്രമീകരണങ്ങളും പൂർത്തിയാക്കിയതായി സംസ്ഥാന പോലീസ് മേധാവി റവാഡാ ചന്ദ്ര ശേഖർ. സംസ്ഥാനം മുഴുവൻ പ്രത്യേക സുരക്ഷാമേഖലകളാക്കി തിരിച്ച് ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ 76,000 ത്തിലധികം പോലീസ് ഉദ്യോഗസ്ഥരെയാണ് സുരക്ഷയൊരുക്കുന്നതിന് നിയോഗിച്ചിട്ടുള്ളത്. 2,500 പ്രശ്ന ബാധിത ബൂത്തുകളാണ് ഉള്ളത്. ലോക്കൽ പോലീസിനു പുറമേ സ്പെഷ്യൽ യൂണിറ്റുകളെയും ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്.

## ELECTION –THODUPUZHA (INTRO)

നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ടിംഗ് ശതമാനം വർധിപ്പിക്കാൻ ലക്ഷ്യമിട്ട് തൊടുപുഴ നിയോജക മണ്ഡലത്തിൽ വേറിട്ട മാതൃക. ഏപ്രിൽ ഒൻപതിന് നടക്കുന്ന വോട്ടെടുപ്പിൽ മണ്ഡലത്തിലെ മുഴുവൻ ബൂത്തുകളിലും ആദ്യ വോട്ട് രേഖപ്പെടുത്തുന്നത് മുതിർന്ന പൗരന്മാരായിരിക്കും. ജില്ലാ ഭരണകൂടത്തിന്റെ സ്വീപ് (SVEEP) പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഈ ആദരവ് ഒരുക്കുന്നത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......***

***(വോയിസ്)***

## ELECTION–PHONE

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് ദിവസം പോളിങ് ബൂത്തിനുള്ളിൽ മൊബൈൽ ഫോൺ അനുവദിക്കില്ല. വോട്ടെടുപ്പിൻറെ രഹസ്യ സ്വഭാവം സൂക്ഷിക്കുന്നതിന്റേയും സുരക്ഷാ സംവിധാനങ്ങളുടേയും ഭാഗമായാണ് പോളിങ് ബൂത്തുകളിൽ മൊബൈൽ ഫോണുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തുന്നത്. മൊബൈൽ ഫോൺ സൂക്ഷിക്കുന്നതിനായി ചില ജില്ലകളിൽ

ഹരിത മൊബൈൽ പൗച്ചുകൾ അവതരിപ്പിക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്.

❋❋❋❋❋❋❋❋❋❋❋❋❋

**VICE PRESIDENT**

രാജ്യത്തിൻറെ യഥാർത്ഥ ശക്തി, പൗരന്മാരുടെ അറിവ്, മൂല്യങ്ങൾ, കഴിവുകൾ എന്നിവയിലധിഷ്ഠിതമാണെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ. ന്യൂഡൽഹിയിൽ നടന്ന ഇഗ്നോയുടെ 39-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഗ്രാമീണ ജനത, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, സ്ത്രീകൾ തുടങ്ങിയവർക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നതിൽ സർവകലാശാല പരിവർത്തനാത്മക പങ്ക് വഹിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

❋❋❋❋❋❋❋❋❋❋❋❋❋

**GOVT – LPG (INTRO)**

രാജ്യത്തുടനീളം പെട്രോൾ, ഡീസൽ, എൽപിജി, പിഎൻജി വിതരണം സാധാരണ നിലയിലെന്ന് കേന്ദ്ര സർക്കാർ. എൽപിജി വിതരണത്തിൽ തകരാറുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ പറഞ്ഞു. പശ്ചിമേഷ്യയിലെ സമീപകാല

സംഭവവികാസങ്ങളെക്കുറിച്ചുള്ള അന്തർ മന്ത്രാലയ വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ. ഓൺലൈൻ എൽപിജി ബുക്കിങ് 96 ശതമാനമായി ഉയർന്നതായും അവർ വ്യക്തമാക്കി. വാണിജ്യ എൽപിജി വിതരണം 70 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ശ്രീമതി സുജാത ശർമ്മ പറഞ്ഞു.

*(ഹോൾഡ് വോയിസ്)*

പശ്ചിമേഷ്യൻ മേഖലയിലെ എല്ലാ ഇന്ത്യൻ നാവികരും സുരക്ഷിതരാണെന്നും കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ അനിഷ്ട സംഭവങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നും തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയം അഡീഷണൽ സെക്രട്ടറി മുകേഷ് മംഗൾ പറഞ്ഞു. 16 ഇന്ത്യൻ പതാകയുള്ള കപ്പലുകളിലായി 433 ഇന്ത്യൻ നാവികർ പടിഞ്ഞാറൻ പേർഷ്യൻ ഗൾഫ് മേഖലയിൽ തുടരുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

**SC-SABARIMALA**

ശബരിമല യുവതി പ്രവേശനം സംബന്ധിച്ച ഹർജികളിൽ സുപ്രീം കോടതിയിൽ വാദം ആരംഭിച്ചു. ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ഒമ്പത് അംഗ ഭരണഘടനാ ബെഞ്ചാണ് വിഷയം പരിഗണിക്കുന്നത്. യുവതി പ്രവേശനത്തിനുള്ള

നിയന്ത്രണങ്ങൾ സുപ്രീം കോടതി ശരിവയ്ക്കണമെന്ന് കേന്ദ്രം കോടതിയിൽ രേഖാമൂലം ആവശ്യപ്പെട്ടു.

❁❁❁❁❁❁❁❁❁❁❁❁❁

## HEATWAVE

സംസ്ഥാനത്ത് താപനില ഉയരുന്നു. പാലക്കാട് ജില്ലയിൽ മറ്റന്നാൾ വരെ താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, കോട്ടയം, തൃശൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിൽ താപനില 36 ഡിഗ്രി സെൽഷ്യസ് വരെ ഉയരാനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി.

❁❁❁❁❁❁❁❁❁❁❁❁❁

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ചെന്നൈയിൻ FC, ഇന്റർ കാശി പോരാട്ടം. ചെന്നൈയിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

## IPL

ഐപിഎൽ ക്രിക്കറ്റിൽ, രാജസ്ഥാൻ റോയൽസ്-മുംബൈ ഇന്ത്യൻസിനെ നേരിടും. ഗുവാഹത്തിയിലാണ് മത്സരം.

ഇന്നലത്തെ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്- പഞ്ചാബ് കിംഗ്സ് മത്സരം മഴ മൂലം ഉപേക്ഷിച്ചിരുന്നു.

## JAISHANKAR– INDIA AFRICA

വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറിന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ഇന്ന് ഇന്ത്യ-ആഫ്രിക്ക കൺസൾട്ടേറ്റീവ് കമ്മിറ്റി യോഗം നടന്നു. വ്യാപാരം, നിക്ഷേപം, വായ്പാ രേഖകൾ, വിദ്യാഭ്യാസം, വൈദഗ്ധ്യം, പ്രതിരോധം, എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ആഫ്രിക്കൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ സഹകരണം യോഗത്തിൽ ചർച്ച ചെയ്തു.

## JK-NH-LANDSLIDES

തുടർച്ചയായ മണ്ണിടിച്ചിലിനെ തുടർന്ന് ഗതാഗതം തടസ്സപ്പെട്ട ജമ്മു-ശ്രീനഗർ ദേശീയ പാതയിലെ വാഹനഗതാഗതം പുനസ്ഥാപിച്ചു. ജമ്മു കാശ്മീരിലെ കരൂൾ പാലത്തിനും ചന്ദർകോട്ടിനും ഇടയിലുള്ള ദേശീയ പാതയിൽ മണ്ണിടിച്ചിലിനെ തുടർന്ന് ഇന്നലെ ഗതാഗതം പൂർണ്ണമായും നിർത്തിവെച്ചിരുന്നു.